അബ്ദുല്ല മൻഹാം

# ഖുർആനിൽ ആവർത്തിച്ചുവന്ന വാക്യങ്ങൾ

കഴിഞ്ഞ പാഠങ്ങളിൽ മനസ്സിലാക്കിയ സർവനാമങ്ങളും (ضَمِير) നാമങ്ങളും ചേർത്ത് നമുക്ക് ചില വാചകങ്ങൾ പഠിക്കാം.

| ബഹുവചനം | ഏകവചനം |
|---|---|
| هُمْ مُسْلِمُونَ<br>അവർ അനുസരണമുള്ളവർ ആകുന്നു | هُوَ مُسْلِمٌ<br>അവൻ അനുസരണമുള്ളവൻ ആകുന്നു. |
| هُمْ مُؤْمِنُونَ<br>അവർ വിശ്വാസികൾ ആകുന്നു | هُوَ مُؤْمِنٌ<br>അവൻ വിശ്വാസി ആകുന്നു. |

ഒന്നാം പാഠത്തിൽ പഠിച്ച ബാക്കി ضَمِير-കൾ കൂടി ചേർത്ത് നമുക്ക് മുകളിലെഴുതിയ വാചകങ്ങൾ പൂർത്തിയാക്കാം.

| ബഹുവചനം | ഏകവചനം |
|---|---|
| أَنْتُمْ مُسْلِمُونَ<br>നിങ്ങൾ അനുസരണമുള്ളവരാകുന്നു | أَنْتَ مُسْلِمٌ<br>നീ അനുസരണമുള്ളവൻ ആകുന്നു |
| أَنْتُمْ مُشْرِكُونَ<br>നിങ്ങൾ ബഹുദൈവ വിശ്വാസികളാകുന്നു | أَنْتَ مُشْرِكٌ<br>നീ ബഹുദൈവ വിശ്വാസി ആകുന്നു |
| أَنْتُمْ كَافِرُونَ<br>നിങ്ങൾ സത്യനിഷേധികളാകുന്നു | أَنْتَ كَافِرٌ<br>നീ സത്യനിഷേധിയാകുന്നു |
| نَحْنُ مُسْلِمُونَ<br>ഞങ്ങൾ അനുസരണമുള്ളവർ ആകുന്നു | أَنَا مُسْلِمٌ<br>ഞാൻ അനുസരണമുള്ളവൻ ആകുന്നു |
| نَحْنُ صَالِحُونَ<br>ഞങ്ങൾ സദ്വൃത്തരാകുന്നു | أَنَا صَالِحٌ<br>ഞാൻ സദ്വൃത്തനാകുന്നു |

മേലെയെഴുതിയ വാചകങ്ങൾക്ക് സമാനമായി ഖുർആനിൽ പരാമർശിക്കപ്പെട്ട വാക്യഭാഗങ്ങളും പദങ്ങളും ശ്രദ്ധിക്കുക. ഉദാഹരണത്തിന് സൂറത്ത്, ആയത്ത് എന്നീ ക്രമത്തിൽ താഴെ:

هُمْ مُسْلِمُونَ :- 30:53, 27:81

أَنْتُمْ مُسْلِمُونَ :- 2:132

نَحْنُ (لَهُ) مُسْلِمُونَ :- 3:84, 29:46

كَافِرٌ :- 2:217

مُؤْمِنٌ :- 4:124, 16:97

كَافِرُونَ :- 11:19

വിശുദ്ധ ഖുർആനിൽ അനേകം തവണ ആവർത്തിച്ചിട്ടുള്ള ഏതാനും ചില നാമങ്ങൾ കൂടി നമുക്ക് മനസ്സിലാക്കാം. ബ്രാക്കറ്റിൽ കൊടുത്ത സംഖ്യ, അത് എത്രതവണ ആവർത്തിച്ചു എന്ന് സൂചിപ്പിക്കുന്നു. അവയുടെ ബഹുവചനവും ചേർത്തിട്ടുണ്ട്.

| പദം | ബഹുവചനം | ആവർത്തനം |
|---|---|---|
| كِتَاب<br>ഗ്രന്ഥം, പുസ്തകം, എഴുത്ത്, കത്ത്, സന്ദേശം | كُتُبٌ | 261 |
| آيَةٌ<br>സൂക്തം, വാക്യം, അടയാളം, തെളിവ്, ദൃഷ്ടാന്തം | آيَاتٌ | 382 |
| قُرْآنٌ<br>വായന, പാരായണം, ഖുർആൻ | | 70 |
| عَمَل<br>കർമം, പ്രവൃത്തി | أَعْمَالٌ<br>കർമങ്ങൾ | 71 |
| إِنْسَانٌ/الإِنْسَان (65)<br>മനുഷ്യൻ/മനുഷ്യർ | أَنَاسِي (1)<br>النَّاس ജനങ്ങൾ (240) | 306 |
| حَق<br>സത്യം | | 247 |

നാമങ്ങളുടെ തുടക്കത്തിൽ ചിലപ്പോൾ (اَلْ) എന്ന ശബ്ദം ചേർന്നു കാണാം. അർഥത്തിൽ സൂക്ഷ്മമായ ഒരു മാറ്റം അത് വരുത്തുന്നു.

ഉദാ:- كِتَابٌ ഗ്രന്ഥം. اَلْكِتَابُ ഒരു പ്രത്യേക ഗ്രന്ഥം.

ആദ്യത്തേതിന് ഒരു ഗ്രന്ഥം എന്നർഥം. ഏത് ഗ്രന്ഥവുമാവാം اَلْ ചേർന്ന് വരുമ്പോൾ പരാമർശിക്കപ്പെട്ട ഗ്രന്ഥം, സവിശേഷ ഗ്രന്ഥം എന്നൊക്കെയാണ് അർഥം. ഈ വ്യത്യാസം കൂടുതൽ അറിയാൻ ഖുർആനിലെ താഴെ കൊടുത്ത ആയത്തുകൾ അർഥ സഹിതം മനസ്സിലാക്കുക.

1) حَمْدُ/اَلْحَمْدُ 17:44, 1:2

2) كِتَابُ/اَلْكِتَابُ 2:89, 2:2

3) إِنْسَانُ/الإِنْسَانُ 17:13, 103:2

4) نَارٌ/النَّارُ 2:17, 2:24

5) جَنَّةٌ/اَلْجَنَّةُ 2:265, 2:82

ഇംഗ്ലീഷിൽ Book, The book എന്നതിലെ അർഥ വ്യത്യാസമെന്ന് പറയാം.

(തുടരും)